# കോട്ടക്കൽ നഗരസഭ സെക്രട്ടറിയുടെ ഉത്തരവു നടപടികൾ

**(ഹാജർ : സുഗധകുമാർ. എം.)**

കോട്ടക്കൽ നഗരസഭ-ജീവനക്കാര്യം-നഗരസഭ സീനിയർ ക്ലാർക്ക്-ശ്രീ.സജീവ്കുമാർ.ഡി എന്നവരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജി1- 19047/16** **നഗരസഭകാര്യാലയം, കോട്ടക്കൽ, തിയ്യതി. 01.12.2020**

---

**പരാമർശം :** 1) കോട്ടക്കൽ നഗരസഭ സൂപ്രണ്ടിന്റെ 13/05/2020 തീയ്യതിയിലെ റിപ്പോർട്ട്.
2) കോട്ടക്കൽ നഗരസഭ E2 വിഭാഗം ക്ലർക്കുമാരായിരുന്ന ശ്രീ. സുബിൻ. എം.എൻ, ശ്രീ. വിമൽകുമാർ എന്നവരുടെ 05/10/2020 തീയ്യതിയിലെ റിപ്പോർട്ട്.
3) കോട്ടക്കൽ നഗരസഭ കൗൺസിലിന്റെ 23/10/2020 ലെ 37-ാം നമ്പർ തീരുമാനം.
4) ബഹു: കോട്ടക്കൽ നഗരസഭ ചെയർമാന്റെ 11/11/2020 തീയ്യതിയിലെ രേഖാമൂലമുള്ള നിർദ്ദേശം.
5) കോട്ടക്കൽ നഗരസഭ നിലവിലെ E2 വിഭാഗം ക്ലർക്ക് ശ്രീമതി. ബിന്ദു.ടി എന്നവരുടെ 20/11/2020 തീയ്യതിയിലെ റിപ്പോർട്ട്.
6) കോട്ടക്കൽ നഗരസഭ സൂപ്രണ്ടിന്റെ 27/11/2020 തീയ്യതിയിലെ റിപ്പോർട്ട്.
7) കോട്ടക്കൽ നഗരസഭ മുനിസിപ്പൽ എഞ്ചിനീയറുടെ 30.11.2020 തിയ്യതിയിലെ റിപ്പോർട്ട്.

## ഉത്തരവ്

കോട്ടക്കൽ നഗരസഭയിൽ01.07.20218 നഗരസഭ സെക്രട്ടറിയുടെ ജി1-8742/2011 Vol.II നമ്പറായുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുമതലയേറ്റ് 03/06/2020 തീയ്യതി വരെയുള്ള കാലയളവിൽ E2 വിഭാഗം ക്ലാർക്കായിരുന്ന ശ്രീ.സജീവ് കുമാർ.ഡി എന്നവർ E2 വിഭാഗത്തിലെ WP(c) No.9894/2020 (J) നമ്പറായുള്ള ഫയലിൽ നിന്നും ഔദ്യോഗിക രേഖയുടെ പകർപ്പ് നഗരസഭക്ക് പുറത്തുള്ള മൂന്നാമതൊരാൾക്ക്, നരഗസഭക്കും, നഗരസഭാ കൗൺസിലിനും ഹാനിവരുത്തണമെന്നും, അപകീർത്തിപ്പെടുത്തണമെന്നുമുള്ള ഉദ്ദേശത്തോടു കൂടി നിയമ വിരുദ്ധമായി നൽകിയിട്ടുള്ളതായികാണുന്നു. പ്രസ്തുത ഫയൽ E2 വിഭാഗത്തിന്റേതാകയാലും, ആയതിന്റെ കസ്റ്റോഡിയൻ ശ്രീ.സജീവ് കുമാർ.ഡി എന്നവരായതിനാലും ടിയാന്റെ മേൽ പ്രവൃത്തി ഗുരുതരമായ ഔദ്യോഗിക കൃത്യ വിലോപമാണ് എന്ന് നഗരസഭ സൂപ്രണ്ടിന്റെ പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിൽ നിന്നും പ്രാഥമികമായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. ടിയാന്റെ ഈ പ്രവൃത്തി മൂലം പ്രസ്തുത രേഖ ബഹു:കേരള ഹൈക്കോടതിയുടെ WP(c) 9894/2020 (J) നമ്പറായുള്ള, നഗരസഭക്കെതിരെ ബോധിപ്പിച്ച റിട്ട് ഹരിജിയിൽ എക്സിബിറ്റ് ആയി മാർക്ക് ചെയ്യപ്പെട്ടിട്ടുള്ളതും, പ്രസ്തുത പ്രവൃത്തി നഗരസഭയുടെ അന്തസ്സിനും, കൗൺസിലിനും വളരെയധികം ദോഷകരമായി ഭവിച്ചിട്ടുള്ളതുമാണ്. മേൽ സംഗതികൾക്ക് പുറമെ ശ്രീ.സജിവ്കുമാർ.ഡി എന്നവർ മേപ്പടി E2 വിഭാഗത്തിൽ നിന്നും മറ്റൊരു വിഭാഗത്തിലേക്ക് മാറിയ സമയം യഥാവിധി നിയമാനുസരണം E2 വിഭാഗത്തിലെ മുഴുവൻ ഫയലുകളും ഉൾക്കൊള്ളിച്ച് കൊണ്ട് ചാർജ്ജ് ലിസ്റ്റ് രേഖാപരമായി തയ്യാറാക്കി കൈമാറിയിട്ടില്ലാത്തതും, ആയത് മേൽ പരാമർശം (2) പ്രകാരം നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. മാത്രമല്ല ശ്രീ.സജിവ്കുമാർ.ഡി എന്നവർ E2 വിഭാഗം ക്ലാർക്കായിരുന്ന കാലയളവിൽ ഒട്ടനവധി ഫയലുകൾ നഗരസഭക്ക് പുറത്ത് പല കരാറുകാരുടെ കയ്യിലും, മറ്റു പല വ്യക്തികളുടെ കൈവശവും നൽകിയിട്ടുള്ളതായി പ്രഥമദൃഷ്ട്യ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ശ്രീ.സജിവ്കുമാർ.ഡി എന്നവർ E2 വിഭാഗം ക്ലാർക്കായിരുന്ന കാലയളവിൽ

കോട്ടക്കൽ നഗരസഭ 676 503

നിയമാനുസരണം അടവാക്കേണ്ടതായ GST തുകകൾ യാതൊന്നും തന്നെ യഥാവിധി അടവാക്കുകയോ ,Income tax, ക്യാഷ്ബുക്ക് എന്നിവ നിയമാനുസരണം പരിപാലിച്ച് വരുകയോ ചെയ്തിട്ടില്ലാത്തതാണ് എന്ന് പരാമർശം 4,6,7 പ്രകാരമുള്ള റിപ്പോർട്ടുകളിൽ നിന്നും വളരെ വ്യക്തമാണ്. ശ്രീ.സജിവ്കുമാറിന്റെ മേൽ പ്രവൃത്തി മൂലം നഗരസഭക്ക് അനുദിനം GST ഇനത്തിൽ വൻതുക ബാധ്യതയായിട്ടുള്ളതും, പ്രസ്തുത തുകകൾ യഥാവിധി തിട്ടപ്പെടുത്തുവാനുള്ള ഫയലുകൾ ഹാജരാക്കുകയോ അഥവാ തുക സത്യസന്ധമായി തിട്ടപ്പെടുത്തി നൽകുകയോ ആയത് അടവാക്കുകയോ, ചെയ്തിട്ടില്ലാത്തതും, തൻമൂലം GST യുടെ പിഴ ഇനത്തിൽ ഭീമമായ തുക നഗരസഭ കൊടുക്കേണ്ട സ്ഥിതിവിശേഷം സംജാതമായിട്ടുള്ളതും, പ്രസ്തുത തുകകൾ അടവാക്കാത്തതിനാൽ നിലവിലുള്ള GST തുകകൾ അടവാക്കാൻ സാധ്യമല്ലാതായിരിക്കുകയുമാണ്. ശ്രീ.സജിവ്കുമാർ.ഡി എന്നവർ E2-5256/20 നമ്പറായുള്ള പ്രവർത്തികളുമായി ബന്ധപ്പെട്ട ഫയൽ ഉൾപ്പെടെ E2 വിഭാഗത്തിലെ ഒട്ടനവധി വർക്ക് ഫയലുകളിൽ മുൻ മുനിസിപ്പൽ എൻജിനീയറുടെ വ്യാജ ഒപ്പിടുകയോ, ഫയലുകൾ പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ടതും, അല്ലാതെയുമുള്ള കരാറുകാർക്കും, വ്യക്തികൾക്കും കൈവശം നൽകുകയോ ചെയ്തതായും, ഫയലുകൾ ഒന്നും തന്നെ യഥാവിധി പരിപാലിക്കാതെ നഗരസഭയെ വഞ്ചിക്കുന്ന രീതിയിൽ തന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണം നടത്തിയിട്ടുള്ളതായും, പരാമർശിത റിപ്പോർട്ടുകളിൽ നിന്ന് പ്രഥമദൃഷ്ട്യ വ്യക്തമാകുന്നു. മേൽ പറഞ്ഞ ചെയ്തികൾക്ക് പുറമെ ശ്രീ.സജിവ്കുമാർ.ഡി 24/11/2020 തിയ്യതിയിൽ PW2-18685/19, PW2-18695/19, PW2-16165/19, E2-5235/20 എന്നീ ഫയലുകൾ നഗരസഭയിൽ നിന്ന് ബന്ധപ്പെട്ട നിലവിലെ E2 വിഭാഗം ക്ലാർക്കോ, നഗരസഭാ മുനിസിപ്പൽ എഞ്ചിനീയറോ, നഗരസഭാ സൂപ്രണ്ടോ, നഗരസഭാ സെക്രട്ടറിയോ അറിയാതെ, അവരുടെ സമ്മതമില്ലാതെ "ഷാഫി" എന്ന മൂന്നാമതൊരാൾ വശം കൊടുക്കുകയും, ആയത് 25/11/2020 തിയ്യതിക്ക് നഗരസഭ സെക്രട്ടറി മേപ്പടി ശ്രീ.ഷാഫി" എന്ന വ്യക്തിയിൽ നിന്നും ഫയൽ സഹിതം കൈപ്പറ്റാൻ ഇടവെന്നിട്ടുള്ളതും, തുടർന്ന് ശ്രീ.സജീവ്കുമാറാണ് പ്രസ്തുത ഫയലുകൾ നഗരസഭക്ക് പുറത്ത് മൂന്നാമതൊരാൾ വശം 24/11/2020 തിയ്യതിക്ക് കൊടുത്തയച്ചതെന്ന് ടിയാൻ തന്നെ നഗരസഭ സൂപ്രണ്ട് ശ്രീ.ജൂബികൃഷ്ണന്റെയും, സീനിയർ ക്ലർക്ക് ശ്രീ.ഉണ്ണികൃഷ്ണന്റെയും, ക്ലാർക്ക് ശ്രീമതി.ബിന്ദുവിന്റെയും സാന്നിധ്യത്തിൽ സമമ്മതിച്ചിട്ടുള്ളതുമാണ്. മാത്രമല്ല ശ്രീ.സജിവ്കുമാർ.ഡി യുടെ ഔദ്യോഗിക സമയത്തുള്ള ഓഫീസിലെ പെരുമാറ്റങ്ങളും, നഗരസഭ കരാറുകാരുമായുള്ള അളവിൽ കവിഞ്ഞ അടുപ്പവും, വിധേയത്വവും ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ അംഗീകരിക്കാനാവാത്തതും, സംശയാസ്പദവുമാണ്. ശ്രീ.സജീവ് കുമാറിന്റെ മേൽപറഞ്ഞ പ്രവൃത്തികൾ ഒന്നും തന്നെ പ്രഥമദൃഷ്ട്യാ നിയമവശാലോ, സംഗതിവശാലോ ന്യായീകരിക്കത്തക്കതോ, അംഗീകരിക്കത്തക്കതോ അല്ല.

മേൽ സംഗതികൾ വിശദമായി പരിശോധിച്ചതിലും, വിലയിരുത്തിയതിലും, ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ ശ്രീ.സജീവ് കുമാറിന്റെ ഭാഗത്ത് നിന്ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ അതീവ ഗൗരവപരമായ വീഴ്ച്ചയും, ക്രമക്കേടുകളും ഉണ്ടായിട്ടുള്ളതും ആയത് വളരെ വിശദമായ രീതിയിൽ അന്വേഷിക്കേണ്ടതുമാണ് എന്ന് പ്രഥമദൃഷ്ട്യ

ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ ഇക്കര്യത്തിൽ അടിയന്തിരമായി അന്വഷണം നടത്തേണ്ടതുണ്ട്. കോട്ടക്കൽ നഗരസഭയിൽ സീനയർ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ.സജീവ് കുമാറിനെ സർവ്വീസിൽ തുടരാൻ അനുവദിച്ചുകൊണ്ട് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നത് അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ കോട്ടക്കൽ നഗരസഭയിൽ സീനിയർ ക്ലാർക്കായി ജോലിചെയ്തു വരുന്ന ശ്രീ.സജീവ് കുമാർ.ഡി യെ 1960- ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10(1)(a) പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ വരും വിധം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. സസ്പെൻഷൻ കാലയളവിൽ ശ്രീ.സജിവ് കുമാർ.ഡി-ക്ക് കേരള സർവ്വീസ് ചട്ടങ്ങൾക്ക് അനുസൃതമായുള്ള ഉപജീവന ബത്തക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

സുഗധകുമാർ. എം.
മുനിസിപ്പൽ സെക്രട്ടറി,
കോട്ടക്കൽ നഗരസഭ

1. ബഹു. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. ബഹു. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
3. ബഹു. നഗരകാര്യ വകുപ്പ്, റീജയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.
4. ശ്രീ.സജീവ് കുമാർ.ഡി (നഗരസഭ സൂപ്രണ്ട് മുഖാന്തിരം)
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. കോട്ടക്കൽ നഗരസഭ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ മേശപ്പുറത്ത്.
7. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.